# കേരള സർവകലാശാല

നം. പി.ആർ.136/2016 ഫോൺ : 2305738

## പത്രക്കുറിപ്പ്

## ഡിഗ്രി ടൈംടേബിൾ

കേരള സർവകലാശാല ആഗസ്റ്റ് അഞ്ചിന് തുടങ്ങുന്ന ഒന്നാം സെമസ്റ്റർ ബി.എ/ബി.എസ്സി/ബി.കോം (സി.ബി.സി.എസ് - സപ്ലിമെന്ററി - 2013-ന് മുമ്പുള്ള അഡ്മിഷൻ) പരീക്ഷയുടെ ടൈംടേബിൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## ക്യാഷ് അവാർഡ്

കേരള സർവകലാശാല 2015-ന് കൊല്ലത്തും 2016-ൽ ചെങ്ങന്നൂരിലും നടന്ന യുവജനോത്സവങ്ങളിലും 2013-ൽ കൊല്ലത്തും 2014-ൽ ചേർത്തലയിലും നടന്ന നാടകോത്സവങ്ങളിലും 2013-ൽ ബാംഗ്ലൂരിലും, 2014-ൽ തുങ്കൂറിലും 2015-ൽ മാംഗ്ലൂരിലും നടന്ന സൗത്ത് സോൺ അന്തർ സർവകലാശാല യുവജനോത്സവത്തിലും 2013-ൽ കുരുക്ഷേത്രയിലും 2014-ൽ ഇൻഡോറിലും 2016-ൽ മൈസൂറിലും നടന്ന നാഷണൽ അന്തർസർവകലാശാല യുവജനോത്സവങ്ങളിലും വ്യക്തിഗത/ഗ്രൂപ്പ് ഇനങ്ങളിൽ ഒന്ന്, രണ്ട് സമ്മാനം നേടിയവർക്കുള്ള ടാലന്റ് (ക്യാഷ്) അവാർഡുകൾ ജൂലൈ 26-ന് നടന്ന വിതരണച്ചടങ്ങിൽ വച്ച് വാങ്ങാൻ കഴിയാത്തവർ ആഗസ്റ്റ് മൂന്ന് രാവിലെ 10 മണിക്ക് തിരുവനന്തപുരം പി.എം.ജി ജംഗ്ഷനിലെ സ്റ്റുഡന്റ് സെന്ററിൽ ഹാജരായി കൈപ്പറ്റണം. അർഹരായ വിദ്യാർത്ഥികൾ കോളേജ് തിരിച്ചറിയൽ രേഖയുമായി ക്യാഷ് അവാർഡ് കൈപ്പറ്റണം. അന്നേ ദിവസം വാങ്ങാത്ത പക്ഷം പ്രസ്തുത തുക സർവകലാശാലയിൽ തിരികെ അടയ്ക്കുന്നതാണ്. ഫോൺ. 0471-2302923.

*(അടിക്കുറിപ്പ് : എല്ലാ എഡിഷനുകളിലും പ്രസിദ്ധീകരിക്കുന്നതിന്)*

## ഇന്റേണൽ മാർക്ക്

കേരള സർവകലാശാല രണ്ടാം വർഷ എം.എസ്സി മാത്തമാറ്റിക്സ് (2014-16 ബാച്ച്) ഇന്റേണൽ മാർക്ക് പാളയം എസ്.ഡി.ഇ ഓഫീസിൽ പ്രസിദ്ധീകരിച്ചു. പരാതികൾ ആഗസ്റ്റ് 10 വരെ സ്വീകരിക്കും. ഫോൺ. 0471-2386126, 2300137.

## എം.എ പ്രാക്ടിക്കൽ പരീക്ഷ

കേരള സർവകലാശാല മ്യൂസിക് പഠനവകുപ്പിൽ വിദൂരവിദ്യാഭ്യാസ വിഭാഗം രണ്ടാം വർഷ എം.എ പ്രാക്ടിക്കൽ പരീക്ഷ ആഗസ്റ്റ് എട്ടിന് നടത്തും. ഫോൺ 0471-2308995.

## ആയുർ ഇൻഫർമാറ്റിക്ക രണ്ടാം പതിപ്പ്

കേരള സർവകലാശാല കാര്യവട്ടം കമ്പ്യൂട്ടേഷണൽ ബയോളജി & ബയോ ഇൻഫർമാറ്റിക്സ് എം.എച്ച്.ആർ.ഡിയുടെ ധനസഹായത്തോടെ പ്രവർത്തിക്കുന്ന സെന്റർ ഓഫ് എക്സലൻസ് ഇൻ ആയുർ ഇൻഫർമാറ്റിക്സ് & കമ്പ്യൂട്ടർ എയ്ഡഡ് ഡ്രഗ് ഡിസൈൻ പ്രസിദ്ധീകരിക്കുന്ന റിസർച്ച്

ബുള്ളറ്റിൻ ആയുർ ഇൻഫർമാറ്റിക്ക -യുടെ രണ്ടാം പതിപ്പ് കേരള ഗവ. ആയുഷ് വകുപ്പ് സെക്രട്ടറി ഡോ. ബി. അശോക് ഐ.എ.എസ് ജൂലൈ 29 രാവിലെ 10.30-ന് വകുപ്പ് സെമിനാർ ഹാളിൽ നിർവ്വഹിക്കും.

## എം.ടെക് പ്രവേശനപ്പരീക്ഷ

കേരള സർവകലാശാലയുടെ പഠനവകുപ്പുകളിൽ എം.ടെക് പ്രവേശനത്തിനായി അപേക്ഷിച്ചിട്ടുള്ള നോൺ ഗേറ്റ് അപേക്ഷകർക്കുള്ള പ്രവേശനപ്പരീക്ഷ ആഗസ്റ്റ് മൂന്ന് (കമ്പ്യൂട്ടർ സയൻസ്), ആഗസ്റ്റ് നാല് (ഒപ്റ്റോ ഇലക്ട്രോണിക്സ്), ആഗസ്റ്റ് അഞ്ച് (ടെക്നോളജി മാനേജ്മെന്റ്) തീയതികളിൽ നടത്തും.

## ബി.എച്ച്.എം പരീക്ഷ മാറ്റി

കേരള സർവകലാശാല ആഗസ്റ്റ് അഞ്ചിന് നടത്താനിരുന്ന ഒന്നാം സെമസ്റ്റർ ബാച്ചിലർ ഓഫ് ഹോട്ടൽ മാനേജ്മെന്റ് ആൻഡ് കാറ്ററിംഗ് ടെക്നോളജി (ബി.എച്ച്.എം - 2015 അഡ്മിഷൻ - റഗുലർ, 2014 അഡ്മിഷൻ - സപ്ലിമെന്ററി, 2011, 2006 സ്കീം) പരീക്ഷ ആഗസ്റ്റ് 17-ലേക്ക് മാറ്റി. ടൈംടേബിൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## ബി.ടെക് ക്ലാസ് : ആഗസ്റ്റ് മൂന്നിന് തുടങ്ങും

കേരള സർവകലാശാല കാര്യവട്ടം യൂണിവേഴ്സിറ്റി കോളേജ് ഓഫ് എൻജിനീയറിംഗിൽ ഒന്നാം വർഷ ബി.ടെക് ക്ലാസുകൾ ആഗസ്റ്റ് മൂന്ന് രാവിലെ 9.30-ന് തുടങ്ങും. വിദ്യാർത്ഥികൾ രക്ഷിതാക്കൾക്കൊപ്പം കോളേജ് ആഡിറ്റോറിയത്തിൽ എത്തിച്ചേരണം.

**സർവകലാശാല മന്ദിരം,**
തിരുവനന്തപുരം.
27.07.2016

പബ്ലിക് റിലേഷൻസ് ഓഫീസർ

അംഗീകാരത്തോടെ,

സെക്ഷൻ ഓഫീസർ